# ബ്രോങ്ക്സ് വെസ്റ്റ്ചെസ്റ്റർ മലങ്കര ഓർത്തഡോക്സ് ദേവാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ സുവിശേഷ യോഗം





*റവ. ഫാ. സഖറിയാ നൈനാൻ* *റവ. ഫാ. ഗ്രിഗറി വർഗീസ്*

ന്യൂയോർക്ക്: ബ്രോങ്ക്സ്, വെസ്റ്റ്ചെസ്റ്റർ പ്രദേശങ്ങളിലെ മലങ്കര ഓർത്തഡോക്സ് പള്ളികളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിവരാറുള്ള സുവിശേഷ യോഗം ഓഗസ്റ്റ് 9ാം തീയതി ശനിയാഴ്ചയും 10ാം തീയതി ഞായറാഴ്ചയും സെൻറ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് ഓഫ് വെസ്റ്റ്ചെസ്റ്റർ 360 ഇർവിംഗ് അവന്യൂ, പോർട്ട് ചെസ്റ്റർ ൽ വച്ച് നടത്തപ്പെടുന്നു. പുണ്യചരിതനും സന്യാസ ശ്രേഷ്ഠനും ഭാഗ്യസ്മരണാർഹനുമായ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത സ്ഥാപിച്ച കോട്ടയം ഞാലിയാകുഴി സെൻറ് ബേസിൽ ദയറാംഗമായി പ്രവർത്തിക്കുന്ന പ്രഗൽഭനായ വാഗ്മിയും സാഖർ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരനും ധ്യാനഗുരുവുമായ സഖറിയാ നൈനാനാണ് മുഖ്യ പ്രാസംഗികൻ. അദ്ദേഹം ലോകമെമ്പാടും സഞ്ചരിച്ച് അനേകരെ തൻെറ ലളിതവും ആശയസമ്പന്നവുമായ ധ്യാന വചനങ്ങളിലൂടെ സാന്ത്വനിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തുവരുന്നു. മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹ്യ പശ്ചാത്തലത്തിൽ അദ്ദേഹത്തിൻെറ വാക്കുകൾ വിശ്വാസികൾക്ക് ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് ധൈര്യവും പ്രത്യശയും പ്രദാനം ചെയ്യുവാൻ പര്യാപ്തമാണ്.

ഇദംപ്രഥമമായി യുവാക്കൾക്കും എം. ജി. ഒ. സി. എസ്. എം. കുട്ടികൾക്കുമായുള്ള പ്രത്യേക സെഷൻ ഈ വർഷത്തെ കൺവൻഷൻെറ പ്രത്യേകതയാണ്. ഓഗസ്റ്റ് 9ാം തീയതി ശനിയാഴ്ച 4.30 മുതൽ 5.30 വരെ റവ. ഫാ. ഗ്രിഗറി വർഗീസ് യുവാക്കൾക്കുവേണ്ടിയുള്ള സെഷൻ കൈകാര്യം ചെയ്യും. മുതിർന്നവർക്കുവേണ്ടിയുള്ള സുവിശേഷ യോഗം 9ാം തീയതി ശനിയാഴ്ചയും 10ാം തീയതി ഞായറാഴ്ചയും വൈകുന്നേരം 5.30 ന് ആരംഭിക്കും.

സെൻറ് ഗ്രീഗോറിയോസ് ചർച്ച് ലഡ്‌ലോ യോങ്കേഴ്സ്, സെൻറ് ജോർജ് ഓർത്തഡോക്സ് ചർച്ച് ഓഫ് വെസ്റ്റ്ചെസ്റ്റർ പോർട്ട്ചെസ്റ്റർ, സെൻറ് മേരീസ് ഓർത്തഡോക്സ് ചർച്ച് വൈറ്റ്പ്ലെയിൻസ്, സെൻറ് മേരീസ് ഓർത്തഡോക്സ് ചർച്ച് ബ്രോങ്ക്സ്, സെൻറ് ഗ്രീഗോറിയോസ് ചർച്ച് ഓഫ് വെസ്റ്റ്ചെസ്റ്റർ യോങ്കേഴ്സ്, സെൻറ് തോമസ് ഓർത്തഡോക്സ് ചർച്ച് യോങ്കേഴ്സ്, സെൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് യോങ്കേഴ്സ് എന്നീ ഏഴ് ദേവാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിലാണ് കൺവൻഷൻ നടത്തിവരുന്നത്.

റവ. ഫാ. ഫിലിപ്പ് സി. ഏബ്രഹാം പ്രസിഡൻറ്, റവ. ഫാ. ജോർജ് ചെറിയാൻ വൈസ് പ്രസിഡൻറ്, റവ. ഫാ. പൗലോസ് റ്റി. പീറ്റർ കൊയർ കോ ഓർഡിനേറ്റർ, ഡോ. ഫിലിപ്പ് ജോർജ് കോ ഓർഡിനേറ്റർ, ശ്രീമതി ജെസി മാത്യു സെക്രട്ടറി, ചെറിയാൻ പി. ഗീവർഗീസ് ട്രഷറർ, സഖറിയാ ജോർജ് ജോയിൻറ് സെക്രട്ടറി, ബാബു ജോർജ് വേങ്ങൽ ജോയിൻറ് ട്രഷറർ, റിനു മാത്യൂസ്, ഷൈല ജോർജ്, റ്റേയ്മി തോമസ് എന്നിവർ യൂത്ത് & എം. ജി. ഒ. സി. എസ്. എം. കോ ഓർഡിനേറ്റർമാർ; ലിസി ഫിലിപ്പ് മനോജ് അലക്സ് എന്നിവർ കൊയർ ലീഡർമാർ, രാജേഷ് ജോൺ ഓഡിറ്റർ, എം. വി. കുര്യൻ പബ്ലിസിറ്റി എന്നിവരടങ്ങുന്ന കമറ്റി കൺവൻഷൻെറ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

കൂടുതൽ വിവരങ്ങൾക്ക്:

റവ. ഫാ. ഫിലിപ്പ് സി. ഏബ്രഹാം 718 464 7695 റവ. ഫാ. പൗലോസ് റ്റി. പീറ്റർ 516 456 6494

റവ.ഫാ. ജോർജ് ചെറിയാൻ 347 831 2880 ഡോ.ഫിലിപ്പ് ജോർജ് 646 361 9509

ജെസി മാത്യു 914 513 4026